**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയത്തിലെ ജൂനിയർ സൂപ്രണ്ടായിരുന്ന വിരമിച്ച ശ്രീമതി. മിനി ജെ. -യ്ക്ക് എതിരായ അച്ചടക്കനടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1655/2025/LSGD തീയതി,തിരുവനന്തപുരം, 03-07-2025

---

പരാമർശം:-

1. പഞ്ചായത്ത് ഡയറക്ടറുടെ 09/11/2010- ലെ ഇ8-28/2010 നമ്പർ നടപടിക്രമങ്ങൾ.
2. ബഹു: ഹൈക്കോടതിയുടെ WP(C)19470/12 കേസിലെ 17/08/2012 -ലെ വിധിന്യായം
3. സ.ഉ (സാധാ) നം.1208/2014/തസ്വഭവ തീയതി 19.05.2014
4. പഞ്ചായത്ത് ഡയറക്ടറേറ്റിലെ 03.06.2014 ലെ E8/37816/2010 നമ്പർ അനൗദ്യോഗികക്കുറിപ്പ്
5. പഞ്ചായത്ത് ഡയറക്ടറുടെ 11/07/2014- ലെ ഇ8-28/2010 നമ്പർ നടപടിക്രമങ്ങൾ.
6. സ.ഉ. (ആർ.റ്റി) നം. 82/2017/തസ്വഭവ. തീയതി 09.01.2017.
7. പഞ്ചായത്ത് ഡയറക്ടറുടെ 26.09.2018 ലെ PAN/21276/2018-D5(DP) നമ്പർ കുറ്റാരോപണ മെമ്മോ/കുറ്റപത്രം.
8. കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീമതി. മിനി ജെ സമർപ്പിച്ച 29.10.2018-ലെ എതിർവാദ പത്രിക
9. ശ്രീമതി മിനി ജെ. ഫയൽ ചെയ്ത OA 1770/2024 മേൽ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 15.01.2025 ലെ ഉത്തരവ്

10 പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ ജോയിന്റ് ഡയറക്ടറുടെ 15.04.2025 തീയതിയിലെ ഔപചാരിക അന്വേഷണ റിപ്പോർട്ട്

11 പ്രിൻസിപ്പൽ ഡയറക്ടറുടെ 08.05.2025 ലെ LSGD/PD/49838/2023-VIGA5 നമ്പർ നടപടിക്രമം.

12 സ.ഉ.(സാധാ) നം. 1225/2025/തസ്വഭവ. തീയതി 19.05.2025

13 സ.ഉ.(സാധാ) നം. 1505/2025/തസ്വഭവ. തീയതി 18.06.2025

14 സർക്കാറിന്റെ 28.06.2025 ലെ EPB2/157/2024-LSGD നമ്പർ കാരണം കാണിക്കൽ നോട്ടീസ്.

15. ശ്രീമതി.മിനി ജെ യുടെ 01.07.2025 ലെ എതിർവാദ പത്രിക

16. പ്രിൻസിപ്പൽ ഡയറക്ടറുടെ 01/07/2025 ലെ LSGD/PD/3432/2023-VIGA1 നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും 31.05.2024-ൽ സെക്രട്ടറിയായി വിരമിച്ച ശ്രീമതി. മിനി ജെ. തനിക്കെതിരെയുള്ള അച്ചടക്കനടപടി തീർപ്പാക്കി പെൻഷൻ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിലേയ്ക്കായി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്തിരുന്ന OA 1770/2024-ന്മേൽ ബഹു. ട്രിബ്യൂണൽ പരാമർശം (9) പ്രകാരം ചുവടെ പറയും പ്രകാരം ഉത്തരവായിരുന്നു.

*"....the above Original Application is hereby disposed of by directing respondents 1 and 2 to take effective Steps to finalise the disciplinary actions initiated on the basis of Annexures A4 and A6 Memo of Charges and to finalise the proceedings if any, proposed under Rule 3(a) of Part III, KSR, at the earliest possible, at any rate, within a period of one month from the date of receipt of a copy of this order. Depending upon the outcome of the decision, final orders on the question of reduction of pension if any, proposed under Rule 3 of Part III, KSR shall be issued by the 1st respondent, within a period of one month thereafter. In the meanwhile, the suspension period of the applicant shall also be regularised depending upon the outcome of the disciplinary actions. At any rate, the entire terminal/ retiral benefits due to the applicant, depending upon the decision which will be taken as directed above, shall be sanctioned and paid to the applicant, within an outer limit of three months from the date of receipt of a copy of this order.... "*

2. ബഹു: ട്രിബ്യൂണലിന്റെ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. മിനി ജെ. -ക്കെതിരെ ഓഖി ദുരന്ത നിവാരണ പ്രവർത്തനങ്ങളുമായി സഹകരിച്ചില്ലെന്ന ആരോപണവുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിൽ ആരംഭിച്ചിരുന്ന അച്ചടക്ക നടപടി പരാമർശം (12) പ്രകാരം തീർപ്പാക്കിയും ടി അച്ചടക്ക നടപടിയുമായി ബന്ധപ്പെട്ട സസ്പെൻഷൻ പരാമർശം (13) പ്രകാരം ക്രമീകരിച്ചും ഉത്തരവായിരുന്നു.

3. പഞ്ചായത്ത് വകുപ്പിലെ ജീവനക്കാരുടെ 01/01/1990 മുതലുള്ള സിനീയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ച് പഞ്ചായത്ത് ഡയറക്ടർ പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച ഉത്തരവ് പിൻവലിച്ച് നിയമങ്ങൾ അനുശാസിക്കുന്ന പ്രകാരവും ബഹു. സുപ്രീം കോടതിയുടെ 24/11/2009 ലെ സിവിൽ അപ്പീൽ 595/03,596/03,597/03,598/03 നമ്പർ കേസുകളിന്മേലുള്ള വിധിന്യായത്തിനനുസരിച്ചും സീനിയോരിറ്റി/ഗ്രഡേഷൻ ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധീകരിക്കണമെന്നും തനിക്ക് നഷ്ടപ്പെട്ട സീനിയോരിറ്റി പുന:സ്ഥാപിച്ചു നൽകണമെന്നും ആവശ്യപ്പെട്ട് നെല്ലനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ.ഡി.രാജൻ സമർപ്പിച്ച 04/12/2010 ലെ അപ്പീൽ ഹർജി പരിഗണിക്കുവാനും, ഹർജിക്കാരനേയും ഹർജിക്കാരന് അനുകൂലമായ തീരുമാനമുണ്ടാകുന്ന പക്ഷം അത് ബാധിക്കാനിടയുള്ളവരേയും നേരിൽ കേൾക്കാനവസരം നൽകി തീർപ്പാക്കുവാനും ഒന്നാം

എതിർകക്ഷിയായ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയോട് നിർദ്ദേശിച്ച് ബഹു. ഹൈക്കോടതി പരാമർശം (2) വിധിന്യായം പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത വിധിന്യായം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ശ്രീ.ഡി രാജനെയും affected parties നേയും തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറി നേരിൽക്കേൾക്കുകയും ബഹു. സുപ്രീം കോടതിയുടെ വിധിന്യായ പ്രകാരം പരിരക്ഷ ലഭിച്ച ജീവനക്കാരെ ബാധിക്കാത്ത തരത്തിൽ സീനിയോറിറ്റി/ഗ്രഡേഷൻ ലിസ്റ്റ് പുനഃപരിശോധിച്ച് പുന:ക്രമീകരിക്കുന്നതിനും ഇപ്രകാരം സീനിയോറിറ്റി/ഗ്രഡേഷൻ ലിസ്റ്റുകൾ പുന:ക്രമീകരിക്കുമ്പോൾ ശ്രീ. ഡി. രാജൻ സമർപ്പിച്ച ഹർജിയിൽ ഉന്നയിക്കുന്ന വാദങ്ങളും ഇതുമായി ബന്ധപ്പെട്ട മറ്റ് വിഷയങ്ങളും പരിശോധിച്ച് തീരുമാനമെടുക്കുന്നതിനും നിയമനാധികാരിയായ പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകിയും പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ, പഞ്ചായത്ത് ഡയറക്ടറേറ്റിൽ പരാമർശം (4) പ്രകാരം സീനിയോറിറ്റി സെൽ രൂപീകരിച്ച്, 2010 ലെ സീനിയോരിറ്റി ലിസ്റ്റ് പുന:ക്രമീകരിച്ച് പരാമർശം (5) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സീനിയൊരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുകയുണ്ടായി.

4) സർക്കാർ നിബന്ധനകൾക്ക് വിരുദ്ധമായി പഞ്ചായത്ത് വകുപ്പിലെ ജീവനക്കാരുടെ സീനിയോറിറ്റി/ഗ്രഡേഷൻ ലിസ്റ്റ് പ്രസിദ്ധീകരിച്ചതുമൂലം പഞ്ചായത്ത് വകുപ്പിന്റെ പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കുകയും അനാവശ്യ കോടതി വ്യവഹാരങ്ങൾ ക്ഷണിച്ചു വരുത്തുകയും ചെയ്തതായി കണ്ടെത്തിയതിനാൽ ഇക്കാര്യത്തിൽ സർക്കാർ നിബന്ധനകൾക്ക് വിരുദ്ധമായി പ്രവർത്തിച്ച ഉദ്യോഗസ്ഥരെ കണ്ടെത്തുന്നതിനും അവർക്കെതിരെ ഉചിതമായ നടപടി സ്വീകരിക്കുന്നതിനും വകുപ്പുമന്ത്രിതലത്തിൽ ഉത്തരവുണ്ടായതിനെ തുടർന്ന് പരാമർശം (6) പ്രകാരം നടത്തിയ അന്വേഷണത്തിൽ ചുവടെ പറയും പ്രകാരമുള്ള കണ്ടെത്തലുകൾ റിപ്പോർട്ട് ചെയ്തിരുന്നു:

*19.05.2014-ലെ സ.ഉ(ആർ.റ്റി) നം. 1208/14/തസ്വഭവ ഉത്തരവ് പഞ്ചായത്ത് ഡയറക്ടറേറ്റിൽ 20.05.2014-ന് ലഭിക്കുകയും ഉത്തരവിലെ നിർദ്ദേശങ്ങൾ വിശദമായി പരിശോധിക്കുകയും ചെയ്തതായി കാണുന്നു. സർക്കാർ നിർദ്ദേശം പാലിച്ച് സീനിയോറിറ്റി/ഗ്രഡേഷൻ ലിസ്റ്റ് പുന:ക്രമീകരിക്കുന്നതിന് 03.06.2014-ൽ ഒരു സെൽ ഡയറക്ടറേറ്റിൽ രൂപീകരിച്ച് ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചു. എന്നാൽ ഈ സെല്ലിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങളൊന്നും തന്നെ ഫയലിൽ ലഭ്യമല്ല.*

*ഈ8-37816/10 എന്ന ബന്ധപ്പെട്ട ഫയലിൽ ക.ഫ.63-75 ഖണ്ഡികകളിൽ സർക്കാരിന്റെ 19.05.2014-ലെ ഉത്തരവിന്റെ നിർദ്ദേശങ്ങളിന്മേൽ വളരെ വ്യക്തമായ ശുപാർശകൾ സമർപ്പിച്ച് അംഗീകാരം വാങ്ങിയിട്ടുണ്ട് എന്ന് കാണുന്നു.*

*എന്നാൽ ക.ഫ. 29-31 പുറങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ള കുറിപ്പിൽ ഇ8-28/2010 എന്ന നമ്പറിൽ 09.11.2010-ലെ നിലവിലുള്ള സീനിയോറിറ്റി/ഗ്രഡേഷൻ ലിസ്റ്റ് പുന:ക്രമീകരിക്കണമെന്ന സർക്കാർ നിർദ്ദേശം നിലനിൽക്കേ പ്രസ്തുത ലിസ്റ്റ് റദ്ദ് ചെയ്ത് പുതിയ പട്ടിക പ്രസിദ്ധീകരിക്കേണ്ടതാണെന്ന് രേഖപ്പെടുത്തിക്കാണുന്നു. ഏത് സാഹചര്യത്തിലാണ് ഇത്തരത്തിലൊരു ശുപാർശ നൽകിയത് എന്നതിന് വ്യക്തതയില്ല. ക്ലാർക്ക് സമർപ്പിച്ച ശുപാർശ ഉന്നത ഉദ്യോഗസ്ഥരെല്ലാം അംഗീകരിച്ചതായിട്ടാണ് കാണുന്നത്.*

*കരട് പ്രസിദ്ധീകരിച്ച് ആക്ഷേപങ്ങളും പരാതികളും ക്ഷണിച്ച് ഹിയറിംഗ് നടത്തേണ്ടത് സംബന്ധിച്ച കാര്യങ്ങൾ ഡയറക്ടറേറ്റിലെ ഫയലിന്റെ കുറിപ്പു ഫയൽ 32-33 ഖണ്ഡികകളിൽ പരിശോധിച്ചിട്ടുള്ളതായി കാണുന്നു ബന്ധപ്പെട്ടവരെയെല്ലാം സർക്കാർ തലത്തിൽ ഹിയറിംഗ്*

നടത്തി അവരുടെ വാദമുഖങ്ങളും അതിന്മേൽ സർക്കാരിന്റെ അഭിപ്രായങ്ങളും കണ്ടെത്തലുകളും സർക്കാർ ഉത്തരവിൽത്തന്നെ വ്യക്തമാക്കിയിട്ടുണ്ടെന്നുള്ളതിനാൽ മറ്റൊരു ഹിയറിംഗ് കൂടെ നടത്താൻ സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുമില്ല എന്ന് ഡയറക്ടർ തീരുമാനമെടുത്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് മറ്റ് നടപടിക്രമങ്ങളിലേയ്ക്ക് കടക്കാതെ 11.07.2014-ലെ ഇ8-37816/10 എന്ന നമ്പറിൽ ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് എന്ന് രേഖപ്പെടുത്തിക്കാണുന്നു.

09.11.2010-ലെ ഇ8-28/10 നമ്പറിലെ ഡയറക്ടറുടെ നടപടിക്രമങ്ങൾ പ്രകാരം നിലനിന്നിരുന്ന സീനിയോറിറ്റി/ഗ്രഡേഷൻ ലിസ്റ്റ്, അതോടനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള സീനിയോറിറ്റി സംബന്ധമായ മറ്റ് ഉത്തരവുകളെല്ലാം റദ്ദ് ചെയ്താണ് പുതുക്കിയ സീനിയോറിറ്റി/ഗ്രഡേഷൻ ലിസ്റ്റ് ഡയറക്ടർ പ്രസിദ്ധീകരിച്ചത്. ബഹു. സുപ്രീംകോടതി വിധിയിൽ പരിരക്ഷ ലഭിച്ച ജീവനക്കാർക്ക് സീനിയോറിറ്റി/ഗ്രഡേഷൻ ലിസ്റ്റിൽ അർഹമായ സ്ഥാനം നൽകി പുതുക്കിയ പട്ടിക തയ്യാറാക്കിയതുമൂലം നിലവിലുണ്ടായിരുന്ന സീനിയോറിറ്റി/ഗ്രഡേഷൻ ലിസ്റ്റിൽ സ്ഥാനം ലഭിച്ചതും പുതുക്കിയ സീനിയോറിറ്റി ലിസ്റ്റിൽ ഫീഡർ കാറ്റഗറിയുടെ ക്രമപ്രകാരം സ്ഥാനം ലഭിക്കാൻ അർഹതയില്ലാത്തവരുമായവരുടെ അർഹതാ തീയതിയുടെ അടിസ്ഥാനത്തിൽ സീനിയോറിറ്റി നിശ്ചയിച്ച് പിന്നാലെ ഉത്തരവ് പുറപ്പെടുവിക്കുമെന്ന് പറഞ്ഞിരിക്കുന്നുവെങ്കിലും അപ്രകാരം ഉത്തരവ് പുറപ്പെടുവിച്ചതായും കാണുന്നില്ല.

നിലവിലുള്ള ലിസ്റ്റ് പുന:പരിശോധിച്ച് പുന:ക്രമീകരിക്കുന്നതിനാണ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയതെങ്കിലും നിലവിലുണ്ടായിരുന്ന സീനിയോറിറ്റി/ഗ്രഡേഷൻ ലിസ്റ്റും അതോടനുബന്ധിച്ച സീനിയോറിറ്റി സംബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള മറ്റെല്ലാ ഉത്തരവുകളും ഇ8-37816/10 എന്ന നമ്പറിലെ 11.07.2014-ലെ ഉത്തരവിലൂടെ പഞ്ചായത്ത് ഡയറക്ടർ റദ്ദ് ചെയ്യുകയാണുണ്ടായത്.

എന്നാൽ ബഹു. സുപ്രീംകോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കി പ്രസിദ്ധീകരിച്ചിരുന്നതും അംഗീകരിക്കപ്പെട്ടതുമായിട്ടുള്ളതുമായ നിലവിലുണ്ടായിരുന്ന 2010-ലെ സീനിയോറിറ്റി/ഗ്രഡേഷൻ ലിസ്റ്റ് റദ്ദാക്കിയതിന് ഏതൊരു നീതീകരണവും കാണുന്നില്ല. അത്തരത്തിലൊരു തീരുമാനമെടുക്കുന്നതിന് ആധാരമായ യാതൊരു രേഖയും കുറിപ്പും ഫയലിൽ ലഭ്യമല്ല. പുറപ്പെടുവിക്കേണ്ട സീനിയോറിറ്റി/ഗ്രഡേഷൻ ലിസ്റ്റ് എപ്രകാരമായിരിക്കണമെന്ന് ഡയറക്ടറുടെ ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ടെങ്കിലും അതുപ്രകാരമാണോ ലിസ്റ്റിൽ അതാത് സ്ഥാനങ്ങളിൽ ജീവനക്കാരുടെ പേരുകൾ ഉൾപ്പെട്ടു വന്നത് എന്നത് സംബന്ധിച്ച് രേഖപ്പെടുത്തലുകളോ ഈ ആവശ്യത്തിനായി പഞ്ചായത്ത് ഡയറക്ടറേറ്റിൽ രൂപീകരിച്ച സെല്ലിന്റെ മിനിട്ട്സോ, മറ്റ് കുറിപ്പുകളോ ഒന്നും ഫയലിൽ ലഭ്യമല്ല. നൂറു കണക്കിന് ആൾക്കാരെ ഉൾപ്പെടുത്തിക്കൊണ്ട് 01.01.1990 മുതൽക്കുള്ള സീനിയോറിറ്റി/ഗ്രഡേഷൻ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന ഉത്തരവ് പുറപ്പെടുവിക്കുമ്പോൾ അതിൽ ഉൾപ്പെട്ടു വരുന്ന ജീവനക്കാരുടെ വിവരങ്ങൾ സംബന്ധിച്ച കുറിപ്പുകളോ ലിസ്റ്റിൽ ഉൾപ്പെട്ടതിന്റെ അർഹതയോ അതിന്റെ ആധികാരികതയോ ഉറപ്പു വരുത്താൻ തക്കതായവയൊന്നും ലഭ്യമല്ല. യഥാർത്ഥത്തിൽ അർഹതപ്പെട്ടവർ തന്നെയാണോ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടു വന്നതെന്നുള്ള കാര്യം പരിശോധിക്കുന്നതിനാവശ്യമായ രേഖപ്പെടുത്തലുകളൊന്നും ഫയലിൽ ലഭ്യമല്ല.

നിലവിലുണ്ടായിരുന്ന 2010-ലെ സീനിയോറിറ്റി/ഗ്രഡേഷൻ ലിസ്റ്റ് റദ്ദ് ചെയ്യാതിരുന്നുവെങ്കിൽ ബഹു. കോടതിയുടെ അനുമതിയോടെയെങ്കിലും അംഗീകരിക്കപ്പെട്ട ആ ലിസ്റ്റിൽ നിന്നും പ്രൊമോഷൻ നടത്താൻ കഴിയുമായിരുന്നു. ലിസ്റ്റ് റദ്ദ് ചെയ്യപ്പെടുകയും പുതിയ ലിസ്റ്റ് കോടതിയിൽ ചലഞ്ച് ചെയ്യപ്പെടുകയും സ്റ്റേ ഉണ്ടാവുകയും ചെയ്തപ്പോൾ വകുപ്പിൽ ഒരു സീനിയോറിറ്റി ലിസ്റ്റും

*നിലവിലില്ലാത്ത അവസ്ഥയുണ്ടാകുകയും വകുപ്പിൽ പ്രൊമോഷൻ നടത്താൻ കഴിയാത്ത അവസ്ഥയുമുണ്ടായി.*

*ഇപ്രകാരം പുറപ്പെടുവിച്ച 2014-ലെ ഡയറക്ടറുടെ ഗ്രഡേഷൻ/സീനിയോറിറ്റി ലിസ്റ്റ് പിന്നീട് ബഹു. കോടതി റദ്ദ് ചെയ്തുവെങ്കിലും നിലവിലുള്ള 2010-ലെ ലിസ്റ്റ് റദ്ദ് ചെയ്ത ഡയറക്ടറുടെ നടപടി വകുപ്പിന് വളരെയേറെ ബുദ്ധിമുട്ടുകൾ ഉണ്ടാക്കി എന്നതാണ് വസ്തുത. വകുപ്പിന്റെ പ്രവർത്തനം തന്നെ അവതാളത്തിലാവുകയുണ്ടായി എന്ന് കണ്ടെത്തിയിട്ടുണ്ട്. വളരെയധികം പേർക്കും അർഹമായ പ്രൊമോഷൻ ലഭിക്കാത്ത അവസ്ഥയുണ്ടായി എന്നു കാണാവുന്നതാണ്. സർക്കാർ നിർദ്ദേശങ്ങളെല്ലാം തന്നെ പരിഗണിച്ചതായി ഫയലിൽ രേഖപ്പെടുത്തിയതായി കാണാമെങ്കിലും അതിനനുസൃതമായി തന്നെയാണോ ലിസ്റ്റ് പ്രസിദ്ധീകരിച്ചത് എന്നും അർഹതപ്പെട്ടവരെ തന്നെയാണോ ഉൾപ്പെടുത്തിയിട്ടുള്ളത് എന്നും കണ്ടെത്താനുള്ള രേഖകളൊന്നും ഫയലിൽ ലഭ്യവുമല്ല.*

അന്വേഷണ റിപ്പോർട്ടിൽ മേൽവിഷയത്തിൽ ചുവടെ പറയുന്ന ഉദ്യോഗസ്ഥർ ഉത്തരവാദികളെന്ന് കണ്ടെത്തുകയും ചെയ്തിരുന്നു.

1.ശ്രീ. ബി.എസ്. ഉണ്ണികൃഷ്ണൻ - അക്കൗണ്ടന്റ്. (ഇ8 സെക്ഷൻ)
2. ശ്രീമതി. മിനി. ജെ - ജൂനിയർ സൂപ്രണ്ട് (ഇ സെക്ഷൻ)
3. ശ്രീ. സി. പദ്മകുമാർ - സീനിയർ സൂപ്രണ്ട് (ഇ സെക്ഷൻ)
4.ശ്രീ. ജി.എൻ. ഹരികുമാർ - ജൂനിയർ സൂപ്രണ്ട്.
5. ശ്രീ. സന്തോഷ് കുമാർ - ജൂനിയർ സൂപ്രണ്ട്.
6. ശ്രീ. സജീവ് കുമാർ പി.വി - സീനിയർ ക്ലാർക്ക്
7. ശ്രീമതി. മിനിദേവി ഇ.എസ്. - ക്ലാർക്ക്
8. ശ്രീ. പി.ജി. അഭിലാഷ് - സീനിയർ ക്ലാർക്ക്
9. ശ്രീ. ആന്റണി അലക്സാണ്ടർ - ക്ലാർക്ക്
10. ശ്രീ. സമീർ സേറ് - ക്ലാർക്ക്
11. ശ്രീ. എം.എഫ് അബ്ദുൽ ജവാദ് - അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്
12.ശ്രീ. സി.എൻ. ബാബു - ജോയിന്റ് ഡയറക്ടർ (ഭരണം)
13ശ്രീ. എ. സയീദ് - അഡീഷണൽ ഡയറക്ടർ

5) പ്രസ്തുത ജീവനക്കാരിൽ വിരമിച്ച ജീവനക്കാർക്കെതിരെ സർക്കാർ തലത്തിൽ കാരണം കാണിക്കൽ നോട്ടീസ് നൽകി അച്ചടക്ക നടപടി സ്വീകരിക്കുകയും സർവ്വീസിൽ ഉള്ളവർക്കെതിരെ നടപടി സ്വീകരിക്കാൻ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. മിനി ജെ.-ക്കെതിരെ പഞ്ചായത്ത് ഡയറക്ടേറ്റിൽ നിന്നും പരാമർശം (7) പ്രകാരം കുറ്റാരോപണ മെമ്മൊ നൽകി അച്ചടക്കനടപടി ആരംഭിക്കുകയും ആയതിൽ ശ്രീമതി.മിനി ജെ യുടെ പരാമർശം (8) പ്രകാരമുള്ള എതിർവാദ പത്രികയുൾപ്പെടെ പരിശോധിച്ച് പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ ജോയിന്റ് ഡയറക്ടർ ഔപചാരിക അന്വേഷണം നടത്തി പരാമർശം (10) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ ശ്രീമതി.മിനി ജെ ക്കെതിരെ ചുവടെ പറയും പ്രകാരമുള്ള കണ്ടെത്തലുകളാണ് നടത്തിയിട്ടുള്ളത്.

i. പഞ്ചായത്ത് ഡയറക്ടറുടെ 03.06.2014 ലെ E8/37816/2010 നമ്പർ യു.ഒ നോട്ട് പ്രകാരം രൂപീകരിച്ചിട്ടുള്ള സെല്ലിൽ ശ്രീമതി മിനി ജെ. യുടെ പേരും ഉൾപ്പെടുത്തിയിട്ടുള്ള വിവരം

ടിയാനെ അറിയിച്ച് ഒപ്പിട്ട് വാങ്ങിയ പകർപ്പ് E8/37816/2010 നമ്പർ ഫയലില്ലുള്ളതായി കണ്ടെത്തിയിട്ടുണ്ട്. കടാതെ ടി ഫയൽ കൈകാര്യം ചെയ്തിട്ടുള്ളതായും കാണുന്നു. സ.ഉ(സാധാ)നം: 1208/2014/തസ്വഭവ, തീയതി: 19/05/2014-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് പഞ്ചായത്ത് ഡയറക്ടർ സീനിയോറിറ്റി സെൽ രൂപീകരിച്ചിട്ടുള്ളത്.ഇപ്രകാരം രൂപീകരിച്ചിട്ടുള്ള സീനിയോറിറ്റി സെല്ലിൽ വകുപ്പ് തലവന്റെ നിർദ്ദേശാനുസരണം പ്രവർത്തിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ബാദ്ധ്യസ്ഥരാണ്. എന്നാൽ ടി സെല്ലിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച യാതൊരുവിധ യോഗതീരുമാനങ്ങളോ കുറിപ്പുകളോ നടപടിക്രമങ്ങളോ 8-37816/2010 നമ്പർ ഫയൽ പരിശോധിച്ചതിൽ ലഭ്യമായിട്ടില്ല. ഇതിൽ നിന്നും സൂപ്രണ്ടെന്ന നിലയിൽ കൃത്യമായ മേൽനോട്ട ചുമതല നിർവ്വഹിച്ചിട്ടില്ലെന്ന് കാണുന്നു.

ii. സ.ഉ(സാധാ) നം: 1208/2014/തസ്വഭവ തീയതി: 19/05/2014-02 സർക്കാർ നിർദ്ദേശത്തിലും സീനിയോറിറ്റി സെൽ രൂപീകരിച്ചിട്ടുള്ള യു.ഒ നോട്ടിലും സീനിയോറിറ്റി പട്ടിക പുനഃപരിശോധിച്ച് പുനഃക്രമീകരിക്കുന്നതിന് വ്യക്തമായി നിർദ്ദേശം നൽകിയിട്ടും ടി നിർദ്ദേശം പാലിക്കാതെ പട്ടിക റദ്ദ് ചെയ്യുന്നതിനുള്ള ശിപാർശ നൽകിയത് അംഗീകരിക്കുവാൻ കഴിയുന്നതല്ല. സെക്ഷൻ ക്ലർക്കിന്റെ ടി ശിപാർശ ജൂനിയർ സൂപ്രണ്ട് കൃത്യമായി പരിശോധിക്കാതെ അംഗീകരിച്ചത് ഫയൽ മേൽനോട്ടത്തിലെ ഗുരുതരവീഴ്ചയായി കാണുന്നു.

iii. നിലവിലുണ്ടായിരുന്ന ലിസ്റ്റ് റദ്ദാക്കി പുതിയ ലിസ്റ്റ് പുറപ്പെടുവിച്ച 11.07.2014 മുതൽ സ്റ്റേ ഉത്തരവ് പുറപ്പെടുവിച്ച തീയതിക്ക് മുൻപോ അതിനു ശേഷമോ ഇക്കാര്യത്തിനായി ഫയൽ സമർപ്പിക്കുവാൻ സെക്ഷൻ ക്ലാർക്കിന് നിർദ്ദേശം നൽകുകയോ മേല്പറഞ്ഞ പ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിക്കാതിരുന്നത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ ഉത്തരവ് ഫയലിൽ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല എന്ന് ബോധ്യപ്പെട്ടിട്ടുള്ളതാണ്.

iv. ജൂനിയർ സൂപ്രണ്ട് കൃത്യമായി ഫയൽ പരിശോധിക്കാത്തത് മേൽനോട്ടക്കുറവ് സംഭവിച്ചിട്ടുള്ളതായി കാണുന്നു.

v. സീനിയോറിറ്റി സെല്ലിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച നടപടിക്രമങ്ങൾ സെക്ഷൻ ക്ലർക്കും സീനിയോറിറ്റി സെൽ ജീവനക്കാരും നടപ്പിലാക്കിയിട്ടുണ്ടോയെന്ന് ജൂനിയർ സൂപ്രണ്ടെന്ന നിലയിലുള്ള കൃത്യമായ മേൽ നോട്ട ചുമതല നിർവ്വഹിച്ചിട്ടില്ല. ഇത്തരത്തിൽ ഒരു സെൽ വകുപ്പുതലവന്റെ നിർദ്ദേശാനുസരണം രൂപീകരിച്ചതല്ലാതെ സർക്കാർ നിർദ്ദേശിച്ചതനുസരിച്ചുള്ള മറ്റ് നടപടിക്രമങ്ങൾ ഒന്നും തന്നെ നടത്തിയതായി കാണുന്നില്ല.

vi. സീനിയോറിറ്റി സെൽ വകുപ്പുതലവന്റെ നിർദ്ദേശാനുസരണം രൂപീകരിച്ചത് സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്ന വേളയിൽ ടി ലിസ്റ്റ് പുനക്രമീകരിക്കുന്ന വിഷയം ചർച്ച ചെയ്യുന്നതിനും ലിസ്റ്റ് പരിശോധിക്കുന്നതിനുമാണ്. എന്നാൽ സീനിയോറിറ്റി സെൽ പ്രവർത്തനം സംബന്ധിച്ച യോഗം കൂടിയതായോ കുറിപ്പുകളോ യോഗ തീരുമാനങ്ങളോ രേഖപ്പെടുത്തിയിട്ടുള്ളതായോ ലിസ്റ്റ് സീനിയോറിറ്റി സെൽ പരിശോധിച്ചത് സംബന്ധിച്ച യാതൊരുവിധ രേഖകളും കണ്ടെത്തുന്നതിന് കഴിഞ്ഞിട്ടില്ല.

vii. നിലവിലുണ്ടായിരുന്ന ലിസ്റ്റ് റദ്ദാക്കി പുതിയ ലിസ്റ്റ് പുറപ്പെടുവിച്ച 11.07.2014 മുതൽ സ്റ്റേ ഉത്തരവ് പുറപ്പെടുവിച്ച തീയതിക്ക് മുൻപോ അതിനു ശേഷമോ ഇക്കാര്യത്തിനായി ഫയൽ സമർപ്പിക്കുകയോ മേല്പറഞ്ഞ പ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിക്കാതിരുന്നത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ ഉത്തരവ് രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല എന്ന് ബോധ്യപ്പെട്ടിട്ടുള്ളതാണ്.

viii. നിലവിലുണ്ടായിരുന്ന 2010 സീനിയോരിറ്റി/ഗ്രഡേഷൻ പട്ടിക റദ്ദ് ചെയ്ത് 11.07.2014 ൽ പുതിയ പട്ടിക പ്രസിദ്ധീകരിച്ച് 15.05.2015 ലെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ 08.07.2015 ൽ സെക്രട്ടറി തസ്തികയിലേക്കുള്ള സെലക്ട് ലിസ്റ്റ് തയ്യാറാക്കുകയും തുടർന്ന് 16.07.2015 ൽ സെക്രട്ടറി തസ്തികയിലേക്കുള്ള പ്രമോഷൻ നടത്തിയിട്ടുള്ളതായും കാണുന്നു. നിലവിലുണ്ടായിരുന്ന 2010 ലെ പട്ടിക റദ്ദ് ചെയ്ത് 11.07.2014 ൽ ഗ്രഡേഷൻ/സീനിയോരിറ്റി പട്ടിക പ്രസിദ്ധീകരിച്ചതിന് ശേഷം ഒരു വർഷം കഴിഞ്ഞാണ് സെക്രട്ടറി തസ്തികയിലേക്കുള്ള പ്രൊമോഷൻ നടന്നിട്ടുള്ളത്. ഉയർന്ന തസ്തികകളിൽ പ്രമോഷൻ നടത്തിയതായും രേഖകൾ പരിശോധിച്ചതിൽ കാണുന്നില്ല. നിലവിലുണ്ടായിരുന്ന 2010 സീനിയോരിറ്റി ഗ്രഡേഷൻ ലിസ്റ്റ് പഞ്ചായത്ത് ഡയറക്ടർ റദ്ദ് ചെയ്യാതിരുന്നുവെങ്കിൽ ബഹു. കോടതിയുടെ അനുമതിയോടെയെങ്കിലും അംഗീകരിക്കപ്പെട്ട ആ ലിസ്റ്റിൽ നിന്നും പ്രമോഷൻ നടത്താൻ കഴിയുമായിരുന്നു. ലിസ്റ്റ് റദ്ദ് ചെയ്യപ്പെടുകയും പുതിയ ലിസ്റ്റ് കോടതിയിൽ ചലഞ്ച് ചെയ്യപ്പെടുകയും സ്റ്റേ ഉണ്ടാവുകയും ചെയ്തപ്പോൾ വകുപ്പിൽ ഒരു സീനിയോരിറ്റി ലിസ്റ്റും നിലവിലില്ലാത്ത അവസ്ഥയും പ്രമോഷൻ നടത്താൻ കഴിയാത്ത അവസ്ഥയുമുണ്ടായി.

ix. ഇ8 സെക്ഷൻ ക്ലർക്ക് സീനിയോറിറ്റി സെൽ പ്രവർത്തനം സംബന്ധിച്ച യോഗ നടപടിക്രമങ്ങൾ രേഖപ്പെടുത്തിയിട്ടില്ലാത്തതും സൂക്ഷിക്കാത്തതും സംബന്ധിച്ച് മേൽനോട്ടക്കുറവ് ഉണ്ടായതായി കാണുന്നു. ഇ8 സെക്ഷൻ ക്ലർക്കും, സീനിയോരിറ്റി സെൽ ജീവനക്കാരും കോടതിവിധികളും സർക്കാർ നിർദ്ദേശങ്ങളും തികച്ചും ലാഘവബുദ്ധിയോടെയും നിരുത്തരവാദപരമായുമാണ് കൈകാര്യം ചെയ്തിട്ടുള്ളതെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.ആയതിനാൽ, ടിയാളുടെ വാദം അംഗീകരിക്കാൻ കഴിയുന്നതല്ല.

6) ശ്രീമതി.മിനി ജെ. തനിക്കെതിരെയുള്ള അച്ചടക്കനടപടി തീർപ്പാക്കി പെൻഷൻ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനായി ബഹ .കേരള അഡ്മിനിസ്ട്രേറ്റിവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്തിരുന്ന OA 1770/2024-മേലുള്ള ബഹു. ട്രിബ്യൂണലിന്റെ പരാമർശം (9) ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീമതി.മിനി ജെ -ക്കെതിരെ വകുപ്പുതലത്തിൽ നിലവിലുണ്ടായിരുന്ന, പഞ്ചായത്ത് വകുപ്പിലെ 2010 ലെ സീനിയോരിറ്റി/ഗ്രഡേഷൻ ലിസ്റ്റ് പുന:ക്രമീകരിച്ചതുമായി ബന്ധപ്പെട്ടുള്ള അച്ചടക്ക നടപടി, ശ്രീമതി. മിനി ജെ. സേവനത്തിൽ നിന്നും 31.05.2024 ൽ വിരമിച്ചതിനെ തുടർന്ന് നടപടികൾ അവസാനിപ്പിച്ച് കെ എസ് ആർ പാർട്ട് III പ്രകാരം സർക്കാർ തലത്തിൽ അച്ചടക്കനടപടികൾ തുടരുന്നതിനുമായി പരാമർശം (11) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

7) തുടർന്ന് ശ്രീമതി.മിനി ജെ ക്കെതിരെ സർക്കാർ തലത്തിൽ കെ എസ് ആർ പാർട്ട് III ചട്ടം 59 (b) പ്രകാരം 750/- രൂപ വീതം ആജീവനാന്തം പെൻഷനിൽ നിന്നും കുറവ് ചെയ്യാൻ താൽക്കാലികമായി തിരുമാനിച്ച് പരാമർശം (14) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകി അച്ചടക്കനടപടി ആരംഭിക്കുകയും കാരണം കാണിക്കൽ നോട്ടീസിന് പരാമർശം (15) പ്രകാരം

ശ്രീമതി.മിനി ജെ എതിർവാദ പത്രിക ലഭ്യമാക്കുകയും ചെയ്തിട്ടുള്ളതാണ്. എതിർവാദ പത്രികയിൽ ശ്രീമതി.മിനി ജെ ചുവടെ പറയും പ്രകാരം മറുപടി ലഭ്യമാക്കിയിരുന്നു.

i. *ശ്രീമതി.മിനി ജെ -യെ നിലവിലുള്ള ജോലികൾക്ക് പുറമേ അധിക ജോലിയായിട്ടാണ് സിനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തിയതെന്നും,സീനിയോറിറ്റി സെൽ രൂപീകരിക്കുന്ന സമയത്ത് ആയതിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് നിലവിലുണ്ടായിരുന്ന വ്യക്തമായ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് സീനിയോറിറ്റി സെൽ പ്രവർത്തിച്ചിരുന്നതെന്നും ജൂനിയർ സൂപ്രണ്ടെന്ന നിലയിൽ കൃത്യമായ മേൽനോട്ടം വഹിച്ചിരുന്നതെന്നും,സെല്ലിന്റെ പ്രവർത്തനവുമായ ബന്ധപ്പെട്ട യോഗതീരുമാനങ്ങളും കുറിപ്പുകളും നടപടിക്രമങ്ങളും കൃത്യമായി ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അറിയിച്ചിരിക്കുന്നു..*

ii. *ഇ8.28/10 നമ്പർ പട്ടിക ബഹു KAT ന്റെ ഉത്തരവിൽ റദ്ദ് ചെയ്തിട്ടുള്ളതാണെന്നും 09.11.2010 ലെ ഇ8.28/10 നമ്പർ പട്ടിക പുന:ക്രമീകരിച്ച തന്നെയാണ് 11.07.2014 ലെ ഇ 8.37816/10 നമ്പർ പട്ടിക പ്രസിദ്ധീകരിച്ചതെന്നും, 2014 ലെ പട്ടിക പ്രസിദ്ധീകരിക്കുമ്പോൾ സ്വാഭാവികമായും 2010 ലെ പട്ടിക റദ്ദ് ചെയ്യപ്പെടുവെന്നും ആയത് അപ്രകാരം റദ്ദ് ചെയ്യുന്നതിനുള്ള അധികാരം ജനറൽ ക്ലോസസ് ആക്ട് പ്രകാരം പഞ്ചായത്ത് ഡയറക്ടറിൽ നിക്ഷിപ്തമാണെന്നും കൂടാതെ സർക്കാരിന്റെയും പഞ്ചായത്ത് ഡയറക്ടറുടെയും ഉത്തരവുകൾ അനുസരിക്കുക മാത്രമെ ചെയ്തിട്ടുള്ളെന്നും ശ്രീമതി.മിനി ജെ അറിയിച്ചിരിക്കുന്നു.*

iii. *ഇ8 സെക്ഷന്റെ മേൽനോട്ട ചുമതല സീനിയർ സൂപ്രണ്ടിനാണുള്ളതതെന്നും 11.07.2014 ൽ സീനിയോരിട്ടി സെല്ലിന്റെ പ്രവർത്തനം അവസാനിച്ചിരുന്നതിനാൽ തുടർന്നുള്ള നടപടികളെല്ലാം തന്നെ സീനിയർ സൂപ്രണ്ട് മുഖേനെയാണ് ചേയ്യേണ്ടതെന്നാലും 19.05.2014ലെ സർക്കാർ ഉത്തരവും തുടർനടപടികളും ബഹു:KAT ന്റെ പരിഗണനയിലാണെന്നതിനാലാണ് തുടർ ഉത്തരവ് പുറപ്പെടുവിക്കാൻ സാധിക്കാത്തതെന്നും ശ്രീമതി. മിനി ജെ ആരോപണങ്ങൾ നിഷേധിച്ചുകൊണ്ട് അറിയിച്ചിരിക്കുന്നു.*

iv. *സെക്ഷൻ ക്ലാർക്ക്, സെൽ പ്രവർത്തനം സംബന്ധിച്ച് നടപടിക്രമങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടുള്ളതും ബോധ്യപ്പെടുതിയിട്ടുള്ളതുമാണ്. സർക്കാർ ഉത്തരവുകളും കോടതി വിധികളും തികഞ്ഞ ഉത്തരവാദിത്തത്തോടെ തന്നെയാണ് കൈകാര്യം ചെയ്തിട്ടുള്ളത് എന്നതിനാലും ജൂനിയർ സൂപ്രണ്ട് എന്ന നിലയിൽ ഞാൻ കൃത്യമായ മേൽനോട്ടം വഹിച്ചിട്ടുള്ളതും ആയതുമായി ബന്ധപ്പെട്ടുള്ള എല്ലാം തന്നെ കൃത്യമായും ടി ഫയലിൽ ഉണ്ടായിരുന്നതുമാണ് എന്നതിനാലും ആരോപണം അടിസ്ഥാനരഹിതമായതിനാൽ നിഷേധിക്കുന്നു.*

v. *2010 സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെട്ടതും എന്നാൽ സംരക്ഷണം ലഭിക്കാത്തതിനാൽ ജൂനിയറായിട്ടുള്ള സ്ഥാനക്രമത്തിൽ ഉൾപ്പെട്ടിരുന്നതുമായ മുൻ പഞ്ചായത്ത് വകുപ്പ് വിഭാഗം ജീവനക്കാർക്ക് ബഹു. സുപ്രീം കോടതി ഉത്തരവ് പ്രകാരമുള്ള സംരക്ഷണം അനുവദിച്ച് അർഹമായ സ്ഥാനക്രമം അനുവദിക്കാനാണ് സർക്കാരും പഞ്ചായത്ത് ഡയറക്ടറും ഉത്തരവിലൂടെ നിർദ്ദേശം നൽകിയിരുന്നതെന്നും ഈ ഉത്തരവ് അക്ഷരംപ്രതി പാലിച്ചാണ് പട്ടിക തയ്യാറാക്കിയതെന്നും ജൂനിയർ സൂപ്രണ്ട് എന്ന നിലയിൽ ഞാൻ കൃത്യമായ*

*മേൽനോട്ടം വഹിച്ചിട്ടുള്ളതും ആയതുമായി ബന്ധപ്പെട്ടുള്ള എല്ലാം തന്നെ കൃത്യമായും ടി ഫയലിൽ ഉണ്ടായിരുന്നതെന്നും സൂചിപ്പിച്ച് ശ്രീമതി മിനി ജെ ടി ആരോപണം നിഷേധിച്ചിരിക്കുന്നു.*

vi. *.സർക്കാരിന്റെയും പഞ്ചായത്ത് ഡയറക്ടറുടെയും ഉത്തരവ് പാലിച്ചാണ് സീനിയോരിറ്റി ലിസ്റ്റ് പുന:ക്രമീകരണം നടത്തിയതെന്നും ആയത് ബോധ്യപ്പെട്ടതിനാലാന് കരട് സിനിയോരിറ്റി ലിസ്റ്റിന് പഞ്ചായത്ത് ഡയറക്ടർ അംഗീകാരം നൽകിയതെന്നും സെല്ലിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച രേഖകൾ ഫയലിൽ ലഭ്യമല്ല എന്ന വിവരം അടിസ്ഥാനരഹിതമാണെന്നും ശ്രീമതി.മിനി.ജെ അറിയിച്ചിരിക്കുന്നു.*

vii. *ഇ8 സെക്ഷന്റെ മേൽനോട്ട ചുമതല സീനിയർ സൂപ്രണ്ടിനാണുള്ളതെന്നും പുതിയ ലിസ്റ്റ് പുറപ്പടുവിച്ച 11.07.2014 തന്നെ സീനിയോറിറ്റി സെല്ലിന്റെ പ്രവർത്തനം അവസാനിച്ചിരുന്നതിനാൽ തുടർന്നുള്ള നടപടികളെല്ലാം തന്നെ സീനിയർ സൂപ്രണ്ട് മുഖേനെയാണ് എന്നതിനാലും കെ.എസ് & എസ്.എസ്.ആർ. 1958 പ്രകാരം നിക്ഷിപ്തമായ സ്റ്റാട്യൂട്ടറി അധികാരം വിനിയോഗിക്കുന്നതിനു നിയമനാധികാരിക്കുള്ള അധികാരം വിനിയോഗിക്കുന്നത് തടസ്സപ്പെടുത്താൻ, നിർദേശങ്ങൾ പാലിക്കുവാൻ മാത്രം ചുമതലപ്പെട്ട കീഴുദ്യോഗസ്ഥയായ സീനിയോറിറ്റി സെൽ അംഗത്തിനു കഴിയില്ല എന്നതിനാലും പ്രസ്തുത ആരോപണം അടിസ്ഥാനരഹിതമായതിനാൽ നിഷേധിക്കുന്നതായി ശ്രീമതി.മിനി ജെ അറിയിച്ചിരിക്കുന്നു.*

viii. *സിനിയോരിറ്റി ലിസ്റ്റ് പുതുക്കാൻ നിർദ്ദേശിച്ചിട്ടുള്ള 19.05.2014 ലെ GO(RT) 1208/2014/LSGD ഉത്തരവ് ഉൾപ്പെടെയുള്ളവ ബഹു: KAT ൽ ചലഞ്ച് ചെയ്തതെന്നും പ്രസ്തുത ഉത്തരവിന്റെ തുടർ നടപടിയായതിനാലാണ് 1.07.2014 ലെ സീനിയൊരിറ്റി ലിസ്റ്റ് കോടതിയിൽ ചലഞ്ച് ചെയ്യപ്പെട്ടതെന്നും ആയതിനാൽ 11.07.2014 ലെ സീനിയൊരിറ്റി ലിസ്റ്റാണ് കോടതിക്കേസുകൾക്കാധാരമെന്ന വാദം അടിസ്ഥാനരഹിതമാണെന്നും ശ്രീമതി മിനി ജെ. അറിയിച്ചിരിക്കുന്നു.*

ix. *സെക്ഷൻ ക്ലാർക്ക് സെൽ പ്രവർത്തനം സംബന്ധിച്ച് നടപടിക്രമങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളതും ബോധ്യപ്പെടുത്തിയിട്ടുള്ളതുമാണെന്നും സർക്കാർ ഉത്തരവുകളും കോടതി വിധികളും തികഞ്ഞ ഉത്തരവാദിത്തത്തോടെ തന്നെയാണ് കൈകാര്യം ചെയ്തിട്ടുള്ളത് എന്നതിനാലും ജൂനിയർ സൂപ്രണ്ട് എന്ന നിലയിൽ ഞാൻ കൃത്യമായ മേൽനോട്ടം വഹിച്ചിട്ടുള്ളതുമായി ബന്ധപ്പെട്ടുള്ള എല്ലാം തന്നെ കൃത്യമായും ടി ഫയലിൽ ഉണ്ടായിരുന്നതുമാണെന്ന് ശ്രീമതി.മിനി ജെ ആരോപണങ്ങൾ നിഷേധിച്ചുകൊണ്ട് അറിയിച്ചിരിക്കുന്നു.*

8) ശ്രീമതി.മിനി ജെ. യുടെ എതിർവാദപത്രികയിൽ സർക്കാർ തലത്തിൽ 02/07/2025-ൽ ശ്രീമതി. മിനി ജെ -യെ നേരിൽ കേൾക്കുകയും ഹിയറിംഗ് വേളയിൽ പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ നിന്നും 2014 ലെ സീനിയൊരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചതുമായി ബന്ധപ്പെട്ട E8-37816/2010 നമ്പർ ഫയൽ ലഭ്യമാക്കി പരിശോധിച്ചതിന്റെയും അടിസ്ഥാനത്തിൽ ചുവടെ സൂചിപ്പിക്കുന്ന വസ്തുതകൾ ബോധ്യപ്പെട്ടു :

- ശ്രീമതി.മിനി ജെ. യെ സീനിയോരിറ്റി സെൽ അംഗമെന്ന നിലയിൽ നിർദ്ദേശിച്ചിരുന്നുവെങ്കിലും ആയതു സംബന്ധിച്ച ചുമതലകൾ നിശ്ചയിച്ച് രേഖാമൂലമായ അറിയിപ്പ് നൽകിയതായി പ്രസ്തുത ഫയലിൽ കാണുന്നില്ല. പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും നടത്തിയ ഔപചാരിക അന്വേഷണ റിപ്പോർട്ടിൽ 03.06.2014 ലെ E8/37816/2010 അനൗദ്യോഗികക്കുറിപ്പിൽ ശ്രീമതി.മിനി ജെ യുടെ പേരും ഉൾപ്പെടുത്തിയിട്ടുള്ളത് ശ്രീമതി.മിനി ജെ കൈപ്പറ്റിയതായി സൂചിപ്പിക്കുന്നു. എന്നാൽ, E8-37816/2010 നമ്പർ ഫയൽ പരിശോധിച്ചതിൽ 03.06.2014 ലെ E8/37816/2010 നമ്പർ അനൗദ്യോഗികക്കുറിപ്പിൽ ശ്രീമതി.മിനി ജെ -യുടെ പേര് ഉൾപ്പെട്ടിട്ടില്ല. അപ്രകാരം ഫയൽ പരിശോധനയിൽ ഔപചാരിക അന്വേഷണ റിപ്പോർട്ടിലെ പ്രസ്തുത വിവരം വസ്തുതാപരമല്ല .

- സീനിയോരിറ്റി സെല്ലിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച യോഗങ്ങളോ മിനിട്ട്സോ വർക്കിംഗ് കോപ്പിയോ സംബന്ധിച്ച വിവരങ്ങൾ E8/37816/2010 ഫയലിൽ ലഭ്യമല്ലെന്ന് പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും ഹിയറിംഗിൽ പങ്കെടുത്ത ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. സീനിയോരിറ്റി സംബന്ധമായ കോടതി വ്യവഹാരങ്ങൾ കൈകാര്യം ചെയ്തിരുന്ന ഫയലായിരുന്ന E8/37816/2010 നമ്പർ ഫയലിലായിരുന്നു സീനിയോരിറ്റി ലിസ്റ്റ് പുന:ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിരുന്നതെന്ന് ഫയൽ പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുണ്ട്. സീനിയോരിറ്റി സെല്ലിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് യോഗങ്ങൾ നടത്തുന്നതിനു തക്കവണ്ണമുള്ള അധികാരം തനിക്കില്ലായിരുന്നുവെന്നാണ് ശ്രീമതി.മിനി ജെ. ബോധിപ്പിച്ചിട്ടുള്ളത്. എന്നാൽ, സീനിയോരിറ്റി ലിസ്റ്റ് തയ്യാറാക്കിയത് സംബന്ധിച്ച വർക്കിംഗ് കോപ്പി സീനിയോരിറ്റി സെല്ലിൽ ഉണ്ടായിരുന്നുവെന്നും അപ്രകാരം വർക്കിംഗ് കോപ്പിയില്ലാതെ സീനിയോരിറ്റി ലിസ്റ്റ് പുന:ക്രമീകരിച്ച് പ്രസിദ്ധപ്പെടുത്തുന്നത് അസാധ്യമാണെന്നും ശ്രീമതി.മിനി .ജെ. അറിയിക്കുകയുണ്ടായി. കൂടാതെ 19.04.2024 ലെ സ.ഉ (സാധാ) നം.1208/2014/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 03.06.2014 ലെ ഇ8-37816/2010 പ്രകാരം രൂപികരിക്കപ്പെട്ട സീനിയോരിറ്റി സെൽ ധ്രുതഗതിയിലാണ് ഒരു മാസത്തോളമുള്ള കാലാവധിയിൽ സർക്കാർ ഉത്തരവിലെ നിർദേശപ്രകാരം നടപടിക്രമങ്ങൾ പൂർത്തിയാക്കി 11.07.2014-ൽ സീനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചതെന്ന് ശ്രീമതി.മിനി.ജെ ബോധിപ്പിച്ചിട്ടുണ്ട്.

- 11.07.2014 ലെ പട്ടിക പ്രസിദ്ധികരിച്ചതിന് ഒരാഴ്ചക്കുള്ളിൽ സിനീയോരിറ്റി സെൽ രുപീകരിക്കാനിടയായ 19-4-2014 -ലെ സർക്കാർ ഉത്തരവ് ബഹു:KAT 18/07/2014 -ൽ സ്റ്റേ ചെയ്തുവെന്നും ഇതേ തുടർന്നുള്ള വിധിന്യായങ്ങളിൽ സീനിയോരിറ്റി സെൽ രൂപീകരിക്കാനിടയായ സർക്കാർ ഉത്തരവ് തന്നെ കോടതി റദ്ദാക്കിയെന്നും ശ്രീമതി.മിനി.ജെ ബോധിപ്പിച്ചിട്ടുണ്ട്. ഇപ്രകാരം സീനിയോരിറ്റി ലിസ്റ്റ് പുറപ്പെടുവിച്ചതിനുശേഷം കോടതി വ്യവഹാരങ്ങൾ നിലനിന്നതിനാലാണ് 11.07.2014 ലെ ലിസ്റ്റിനെ സംബന്ധിച്ച തുടർ ഉത്തരവുകൾ പുറപ്പെടുവിക്കാത്തതെന്നും ശ്രീമതി.മിനി ജെ ബോധിപ്പിച്ചിട്ടുണ്ട്.

- OA 1002/2014-ന്മേലുള്ള ബഹു:KAT യുടെ 06/03/2015 ലെ ഉത്തരവിനു ശേഷം OP(KAT) 144/2015 & 145/2025-ന്മേലുള്ള ബഹു. ഹൈക്കോടതിയുടെ 15.05.2015-ലെ ഇടക്കാല ഉത്തരവിനെ തുടർന്ന് അഡ്വക്കേറ്റ് ജനറൽ പഞ്ചായത്ത് ഡയറക്ടർക്ക് നൽകിയ 04.6.2015-

ലെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിലും ഇതു സംബന്ധിച്ച് ബഹു. സുപ്രിംകോടതിയിൽ ഫയൽ ചെയ്തിരുന്ന SLP (C) No. 13785-13786/2016-ന്മേൽ ബഹു. കോടതി 13.05.2016-ൽ status quo ഉത്തരവായിരുന്നതായും ബഹു. സുപ്രിംകോടതിയിൽ നിലവിലുള്ള അപ്പീലുകളിന്മേലുള്ള തീർപ്പാക്കലിനു വിധേയമായി 11.07.2014-ൽ പഞ്ചായത്ത് ഡയറക്ടർ പ്രസിദ്ധീരിച്ച സീനിയോറിറ്റി പട്ടികയിൽ നിന്നും എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകാവുന്നതാണെന്നും സുപ്രീം കോടതി സ്റ്റാൻഡിങ് കൗൺസെൽ നിർദേശം ലഭിച്ചതായും ശ്രീമതി മിനി ജെ. ബോധിപ്പിക്കുകയുണ്ടായി.

- 19.05.2014-ലെ സ.ഉ.(സാധാ) നം. 1208/2014/തസ്വഭ പ്രകാരമാണ് 09/11/2010-ലെ ഇ 8-28/2010 നമ്പർ പ്രകാരമുള്ള സീനിയോറിറ്റി പട്ടിക പുനക്രമീകരിക്കുന്നതിന് സർക്കാർ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നത്. ആയത് പുനക്രമീകരിച്ചാണ് 11.07.2014 ലെ E8-37816/2010 നമ്പർ പട്ടിക പഞ്ചായത്ത് ഡയറക്ടർ പ്രസിദ്ധീകരിച്ചിരുന്നത്. എന്നാൽ, 2010 ലെ സീനിയോറിറ്റി ലിസ്റ്റ് റദ്ദ് ചെയ്തുകൊണ്ടും 2014 ലെ പുന:ക്രമീകരിച്ച പട്ടിക പ്രസിദ്ധികരിക്കുന്നതിനുമുള്ള സെക്ഷൻ ക്ലർക്കിന്റെ ഫയൽ നോട്ട് സീനിയർ സൂപ്രണ്ട്, അഡ്മിനിസ്ട്രേറ്റിവ് അസിസ്റ്റന്റ്, എന്നിവരുൾപ്പെടെ കണ്ട് അംഗീകാരത്തിനായി ലോ ഓഫീസർക്ക് സമർപ്പിക്കുകയും ലോ ഓഫീസർ ആയത് അംഗീകരിക്കുകയുമാണ് ചെയ്തിട്ടുള്ളത്.സെക്ഷൻ ക്ലർക്കിന്റെ മേൽ നിർദ്ദേശം ശ്രീമതി.മിനി ജെ അംഗീകരിച്ചതായും ഫയൽ പരിശോധിച്ചതിൽ കാണുന്നില്ല. 2010 ലെ സീനിയൊരിറ്റി പുന:ക്രമീകരിക്കുന്നതിനായുള്ള മേൽ സർക്കാർ ഉത്തരവ് തന്നെ OA 1002/2014 മേലുള്ള ബഹു:KAT യുടെ 06/03/2015 ലെ ഉത്തരവ് പ്രകാരം റദ്ദാക്കിയിട്ടുള്ളതാണ്. ശ്രീമതി മിനി ജെ. സീനിയോറിറ്റി സെല്ലുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്നു എന്നത് വാസ്തവമാണ്. എന്നാൽ 2010-ലെ സീനിയോറിറ്റി പട്ടിക റദ്ദാക്കുന്നതിന് ടിയാൾ ശിപാർശ ചെയ്തിരുന്നതായി ഫയൽ പരിശോധിച്ചതിൽ കാണുന്നില്ല. മാത്രമല്ല, ശ്രീമതി മിനി ജെ. യെ സീനിയോറിറ്റി സെല്ലിൽ അംഗമായി ആധികാരികമായി ചുമതലപ്പെടുത്തിയിട്ടുമില്ല.

9) ശ്രീമതി. മിനി ജെ. ക്കെതിരെയുള്ള അച്ചടക്കനടപടിയിൽ, ടിയാൾ സമർപ്പിച്ച എതിർവാദ പത്രികയിലെ വാദവും, പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നുള്ള ഔപചാരിക അന്വേഷണ റിപ്പോർട്ടിലെ നിരീക്ഷണങ്ങളും ബഹു. കോടതികൾ ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റിന്മേൽ നൽകിയ നിർദേശങ്ങളും പരാതിക്കാരായും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും നേരിൽ കേട്ട വേളയിൽ സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയത്തിലെ മുൻ ജൂനിയർ സൂപ്രണ്ടായിരുന്ന ശ്രീമതി മിനി ജെ. യ്ക്കെതിരെ KSR Part III Rule 59(b) പ്രകാരം ആരംഭിച്ച അച്ചടക്ക നടപടിയിൽ, ടിയാളുടെ പ്രതിമാസ പെൻഷനിൽ നിന്നും 750/- രൂപ ആജീവനാന്തം കുറവു വരുത്താൻ എടുത്ത പരാമർശം (14) കാരണം കാണിക്കൽ നോട്ടീസിലെ താൽക്കാലിക തീരുമാനം അസ്ഥിരപ്പെടുത്തി ടിയാൾക്കെതിരെയുള്ള തുടർ നടപടികൾ ഒഴിവാക്കി അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവാകുന്നു.

10) ശ്രീമതി. മിനി ജെ. -ക്കെതിരെയുള്ള അച്ചടക്ക നടപടികൾ തീർപ്പാക്കിയിട്ടുള്ള സാഹചര്യത്തിലും, ടി അച്ചടക്കനടപടികളുമായി ബന്ധപ്പെട്ട് ടിയാൾക്കെതിരെ സാമ്പത്തിക ബാധ്യതകളൊന്നും നിശ്ചയിച്ച് നൽകിയിട്ടില്ലായെന്ന് പരാമർശം (16) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിലും, ടിയാൾക്ക് DCRG ഉൾപ്പെടെയുള്ള പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ച് നൽകുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ്

പ്രിൻസിപ്പൽ ഡയറക്ടർ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

11) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (9) ഉത്തരവ് നിർദേശം ഇപ്രകാരം നടപ്പാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

1. അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം *(ആമുഖ കത്ത് സഹിതം)*
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ആഡിറ്റ്, കേരള, തിരുവനന്തപുരം/തൃശ്ശൂർ.
4. ശ്രീമതി. മിനി ജെ, മുൻ ജൂനിയർ സൂപ്രണ്ട്,പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം,തിരുവനന്തപുരം *(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)*
5. ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
6. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി. (ഫയൽ നം. ഇപിബി2/182/2017/ തസ്വഭവ. )

ഉത്തരവിൻ പ്രകാരം

**Signed by Riju M Das**
**Date: 03-07-2025 23:20:16**

സെക്ഷൻ ഓഫീസർ